# പാർടി ഭരണഘടന

J978

പാർടിയുടെ പന്ത്രണ്ടാം കോൺഗ്രസ്
അംഗീകരിച്ച ഭേദഗതിയോടുകൂടി

ഇന്ത്യൻ കമ്യൂണിസ്ററ് പാർടി (മാർക്സിസ്ററ്)
കേരള സംസ്ഥാനകമ്മിററി പ്രസിദ്ധീകരണം

വില: 80 പൈസ

**party bharanaghatana** * constitution of the communist party of india (marxist) incorporating the amendments adopted at the twelth congress * published by kerala state committee of the party * May 1988 * distributed by deshabhimani book house, trivandrum * printed at cine printers, muttada, trivandrum-25.

price: eighty paise

320.954 PAR

വിതരണം:
**ദേശാഭിമാനി ബുക്ക് ഹൗസ്**
തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

## വകുപ്പ് 1

## പേര്

പാർടിയുടെ പേര് ഇന്ത്യൻ കമ്യൂണിസ്ററ് പാർടി (മാർക്സിസ്ററ്) എന്നാകുന്നു.

## വകുപ്പ് 2

## ലക്ഷ്യം

ഇന്ത്യൻ തൊഴിലാളിവർഗത്തിൻെറ വിപ്ളവമുന്നണിപ്പടയാണ് ഇന്ത്യൻ കമ്യൂണിസ്ററ് പാർടി (മാർക്സിസ്ററ്). തൊഴിലാളി വർഗ സർവാധിപത്യഭരണകൂടം സ്ഥാപിക്കുന്നതിലൂടെ സോഷ്യലിസവും കമ്യൂണിസവും കൈവരുത്തുകയാണ് പാർടിയുടെ ലക്ഷ്യം. മാർക്സിസം–ലെനിനിസത്തിൻെറ സിദ്ധാന്തങ്ങളും തത്വശാസ്ത്രവുമാണ് പാർടിയുടെ എല്ലാ പ്രവർത്തനങ്ങളിലും വഴികാട്ടുന്നത്. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന വ്യവസ്ഥക്ക് അറുതിവരുത്തി, അധ്വാനിക്കുന്ന ജനങ്ങൾക് പൂർണമോചനത്തിലേക്കുള്ള ശരിയായ വഴികാട്ടുവാൻ മാർക്സിസം–ലെനിനിസത്തിന് മാത്രമേ കഴിയൂ. തൊഴിലാളിവർഗ സാർവദേശീയത്വത്തിൻെറ കൊടി പാർടി ഉയർത്തിപ്പിടിക്കുന്നു.

## വകുപ്പ് 3

## കൊടി

വീതിയുടെ ഒന്നരമടങ്ങ് നീളമുള്ള ചെങ്കൊടിയാണ് പാർടിയുടെ കൊടി. കൊടിയുടെ മധ്യത്തിലായി വെളുത്ത നിറത്തിൽ വിലങ്ങനെവെച്ച അരിവാളും ചുററികയും ഉണ്ടായിരിക്കും.

## വകുപ്പ് 4

## അംഗത്വം

1. പാർടിയുടെ ഭരണഘടനയും പരിപാടിയും അംഗീകരിക്കുകയും ഏതെങ്കിലും ഒരു പാർടിസംഘടനയിൽ പ്രവർത്തിക്കാനും കൃത്യമായി അംഗവരിയും ലെവിയും (വരിയും ലെവിയും പാർടി നിശ്ചയിക്കുന്ന പ്രകാരം) നൽകാനും പാർടി തീരുമാനങ്ങൾ നടപ്പിലാക്കാനും സന്നദ്ധനാവുകയും ചെയ്യുന്ന, പതിനെട്ടോ കൂടുതലോ വയസായ ഏത് ഇന്ത്യൻ പൗരനും പാർടിഅംഗത്വത്തിന് അർഹനാണ്.

2. (എ) രണ്ട് പാർടിമെമ്പർമാരുടെ ശുപാർശയോടെ ഓരോരുത്തരായി സമർപിക്കുന്ന അപേക്ഷപ്രകാരമാണ് പാർടിയിൽ പുതിയ അംഗങ്ങളെ ചേർകുന്നത്. ഒരു അപേക്ഷകനെ പാർടിഅംഗത്വത്തിന് ശുപാർശചെയ്യുന്ന പാർടിഅംഗങ്ങൾ അയാളെപ്പററി തങ്ങൾക് നേരിട്ടറിയാവുന്ന വിവരങ്ങൾ തികഞ്ഞ ഉത്തരവാദിത്വബോധത്തോടെ

ബന്ധപ്പെട്ട പാർടിബ്രാഞ്ചിനോ ഘടകത്തിനോ നൽകേണ്ടതാണ്. അപേക്ഷകനെ പാർടിയിൽ ചേർക്കാമെങ്കിൽ പാർടിബ്രാഞ്ച് തൊട്ടടുത്ത മേൽകമ്മിററിയോട് ശുപാർശചെയ്യണം. ആ മേൽകമ്മിററിയാണ് എല്ലാ ശുപാർശകളെയുംപററി തീരുമാനം എടുക്കുന്നത്.

(ബി) പാർടിബ്രാഞ്ചിന് മുകളിൽ മുതൽ കേന്ദ്രകമ്മിററിവരെയുള്ള പാർടികമ്മിററികൾക്കും പുതിയ അംഗങ്ങളെ നേരിട്ട് പാർടിയിൽ ചേർകാൻ അധികാരം ഉണ്ട്.

3 (എ) പാർടിഅംഗത്വത്തിനുവേണ്ടിയുള്ള അപേക്ഷകളെല്ലാം അവതരണത്തിനും ശുപാർശക്കും ശേഷം ഒരു മാസത്തിനകം അധികാരപ്പെട്ട മേൽകമ്മിററിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) അപേക്ഷകനെ പാർടിയിൽ ചേർത്തുകഴിഞ്ഞാൽ ചേർത്തതിയതിമുതൽ ഒരുവർഷത്തേക്ക് അയാൾ സ്ഥാനാർഥി അഥവാ കാൻഡിഡേററ് അംഗമായി കരുതപ്പെടുന്നതാണ്.

4. മററ് പാർടികളിൽ പ്രാദേശിക–ജില്ല–സംസ്ഥാന നിലവാരങ്ങളിൽ നേതൃത്വപദവിയിലുണ്ടായിരുന്ന ഒരാൾക്ക് അംഗത്വം നൽകുന്നതിന് അതേ നിലവാരത്തിലുള്ള പ്രാദേശികകമ്മിററിയുടെയോ ജില്ല–സംസ്ഥാനകമ്മിററിയുടെയോ അംഗീകാരത്തിനുപുറമെ തൊട്ടുമേലുള്ള കമ്മിററിയുടെ അനുവാദവും ഉണ്ടായിരിക്കണം.

5. ഒരിക്കൽ പാർടിഅംഗത്വത്തിൽ നിന്ന് പുറത്താക്കപ്പെട്ടാൽ അയാളെ വീണ്ടും പാർടിയിൽ എടുക്കുന്നതിന് പുറത്താക്കൽ തീരുമാനം സ്വീകരിച്ച പാർടികമ്മിററിയുടെയോ അതിനേക്കാൾ ഉയർന്ന ഏതെങ്കിലും കമ്മിററിയുടെയോ തീരുമാനമുണ്ടായിരിക്കണം.

6. തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനോ തെരഞ്ഞെടുക്കപ്പെടാനോ ഏതെങ്കിലും പ്രമേയത്തെ സംബന്ധിച്ച് വോട്ടുചെയ്യാനോ ഉള്ള അവകാശങ്ങളൊഴിച്ചാൽ പൂർണഅംഗങ്ങൾക്കുള്ള എല്ലാ അവകാശങ്ങളും ചുമതലകളും സ്ഥാനാർഥി അംഗങ്ങൾക്കും ഉണ്ടായിരിക്കും.

7. ഏതെങ്കിലും ഒരു ബ്രാഞ്ചോ പാർടികമ്മിററിയോ സ്ഥാനാർഥി അംഗങ്ങളെ ചേർത്തുകഴിഞ്ഞാൽ, പാർടിയുടെ പരിപാടി, ഭരണഘടന, സമകാലികനയങ്ങൾ എന്നിവ സംബന്ധിച്ച് അവരുടെ പ്രാഥമികപഠനത്തിന് അതത് ഘടകങ്ങൾ ഏർപാട് ഉണ്ടാക്കേണ്ടതും പാർടിബ്രാഞ്ചിലോ ഘടകത്തിലോ അംഗങ്ങൾ എന്ന നിലക്ക് പ്രവർത്തിക്കാൻ അവസരം നൽകിക്കൊണ്ട് അവരുടെ വളർചയെ അവലോകനം ചെയ്യേണ്ടതുമാണ്.

8, സ്ഥാനാർഥി അംഗത്വകാലാവധി അവസാനിച്ചാൽ ബന്ധപ്പെട്ട പാർടിബ്രാഞ്ചോ കമ്മിററിയോ പൂർണഅംഗത്വം ലഭിക്കാൻ അയാൾ യോഗ്യനായോ എന്ന കാര്യം ചർചചെയ്യണം. സ്ഥാനാർഥി അംഗം അയോഗ്യനാണെന്ന് കണ്ടാൽ പാർടിബ്രാഞ്ചോ കമ്മിററിയോ അയാളുടെ സ്ഥാനാർഥിഅംഗത്വം റദ്ദുചെയ്യേണ്ടതാണ്. പൂർണ

അംഗത്വം നൽകിയതിനെക്കുറിച്ചുള്ള റിപ്പോർട് ബന്ധപ്പെട്ട ബ്രാഞ്ചോ പാർടികമ്മിററിയോ അടുത്ത മേൽകമ്മിററിക്ക് കൃത്യമായി അയക്കേണ്ടതാണ്.

9. ആ റിപ്പോർട് പരിശോധിച്ചതിനുശേഷം അത് സമർപ്പിച്ച പാർടിബ്രാഞ്ചിനോടോ കമ്മിററിയോടോ കൂടിയാലോചിച്ചുകൊണ്ട് അത് ഭേദഗതിചെയ്യാനോ ആകെ മാററാനോ ഉപരികമ്മിററിക്ക് അധികാരമുണ്ടായിരിക്കും. സ്ഥാനാർഥിഅംഗങ്ങളെ റിക്രൂട്ടുചെയ്യുന്ന കാര്യത്തിലും ജില്ലാകമ്മിററികൾക്ക് മേൽനോട്ടാധികാരമുണ്ട്. ഇതുസംബന്ധിച്ച് കീഴ്കമ്മിററികൾ എടുത്ത തീരുമാനങ്ങൾ ഭേദഗതിചെയ്യാനോ ആകെ മാററാനോ ഉപരികമ്മിററിക്ക് അധികാരമുണ്ടായിരിക്കും. സ്ഥാനാർഥിഅംഗങ്ങളെ റിക്രൂട്ടുചെയ്യുന്ന കാര്യത്തിലും പൂർണഅംഗത്വം നൽകുന്ന കാര്യത്തിലും ജില്ലാകമ്മിററിക്ക് മേൽനോട്ടാധികാരം ഉണ്ട്. ഇതുസംബന്ധിച്ച് കീഴ്കമ്മിററികൾ എടുത്ത തീരുമാനങ്ങൾ ഭേദപ്പെടുത്താനോ നിരസിക്കാനോ മേൽകമ്മിററികൾക്ക് അവകാശമുണ്ടായിരിക്കും.

10. ഏത് പാർടിഅംഗത്തിനും തൻെറ ഘടകത്തിൻെറ അനുമതിയോടുകൂടി മറെറാരു ഘടകത്തിലേക്ക് മാറാവുന്നതാണ്. അതിനുള്ള അപേക്ഷ തൻെറ ഘടകത്തിലൂടെ ബന്ധപ്പെട്ട രണ്ട് ഘടകങ്ങളും ഏത് മേൽഘടകത്തിൻെറ കീഴിൽ പ്രവർത്തിക്കുന്നുവോ അതിന് അയച്ചുകൊടുക്കേണ്ടതാണ്.

## വകുപ്പ് 5
## പാർടിപ്രതിജ്ഞ

പാർടിയിൽ ചേരുന്ന സകലരും പാർടിപ്രതിജ്ഞയിൽ ഒപ്പുവക്കണം. പാർടിപ്രതിജ്ഞ ഇപ്രകാരമാണ്:

"ഞാൻ പാർടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അംഗീകരിക്കുകയും അതിൻെറ ഭരണഘടനക്ക് വിധേയനായി പാർടിതീരുമാനങ്ങൾ കൂറോടെ നടപ്പാക്കിക്കൊള്ളാമെന്ന് സമ്മതിക്കുകയും ചെയ്യുന്നു. ഞാൻ കമ്യൂണിസ്ററ് ആദർശത്തിനനുസരിച്ച് ജീവിക്കാൻ ശ്രമിക്കുകയും തൊഴിലാളിവർഗത്തെയും അധ്വാനിക്കുന്ന ബഹുജനങ്ങളെയും രാജ്യത്തെയും നിസ്വാർഥമായി സേവിക്കുകയും എല്ലായ്പോഴും പാർടിയുടെയും ജനങ്ങളുടെയും താൽപര്യങ്ങളെ സ്വന്തം താൽപര്യങ്ങൾക്ക് ഉപരിയായി കണക്കാക്കുകയും ചെയ്യുന്നതാണ്."

## വകുപ്പ് 6
## പാർടിഅംഗത്വരേഖകൾ

പാർടിഅംഗത്വം സംബന്ധിച്ച എല്ലാ രേഖകളും ജില്ലാകമ്മിററിയുടെ മേൽനോട്ടത്തിൽ സൂക്ഷിക്കുന്നതാണ്.

## വകുപ്പ് 7
## പാർടിഅംഗത്വ പരിശോധന

1. വർഷംതോറും പാർടി അംഗത്വം സംബന്ധിച്ച് ഒരു ചെക്ക് അപ്പ് (ഒത്തുനോക്കൽ, പരിശോധന) നടത്തുന്നതാണ്. അവരവർ അംഗമായിരിക്കുന്ന പാർടിസംഘടനയാണിത് നടത്തുക. ശരിയായ കാരണം കൂടാതെ തുടർച്ചയായി കുറെ കാലത്തേക്ക് പാർടിജീവിതത്തിലും പ്രവർത്തനത്തിലും പങ്കെടുക്കാതിരിക്കുകയോ വരിസംഖ്യ മുതലായവ കൊടുക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരു ആളെയും പാർടിഅംഗത്വത്തിൽനിന്ന് തള്ളിക്കളയുന്നതാണ്.

2. പാർടിഅംഗത്തെ സംബന്ധിച്ച് നടത്തിയ ചെക്ക്–അപ്പിന്റെ റിപ്പോർട് ബന്ധപ്പെട്ട ബ്രാഞ്ചോ പാർടികമ്മിററിയോ സ്ഥിരീകരണത്തിനും രേഖസൂക്ഷിപ്പിനുമായി തൊട്ടടുത്ത മേൽകമ്മിററിക്ക് അയക്കണം.

## വകുപ്പ് 8
## പാർടിഅംഗത്വം രാജിവെക്കൽ

1. തന്റെ അംഗത്വം രാജിവെക്കണമെന്ന് ആഗ്രഹിക്കുന്ന ആരം താൻ അംഗമായിരിക്കുന്ന പാർടി ബ്രാഞ്ചിനോ ഘടകത്തിനോ രാജി സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ഘടകത്തിന് ആ രാജി സ്വീകരിച്ച് അയാളുടെ പേർ അംഗത്വപട്ടികയിൽ നിന്ന്നീക്കിക്കളയാവുന്നതാണ്. ഈ വിവരം അടുത്ത മേൽകമ്മിററിക്ക് റിപ്പോർടുചെയ്യുകയും വേണം. രാഷ്ട്രീയകാരണംകൊണ്ടാണ് രാജി വെക്കുന്നതെങ്കിൽ രാജി തള്ളിക്കളഞ്ഞ് അയാളെ പാർടിയിൽനിന്ന് പുറത്താക്കേണ്ടതാണ്.

2. പാർടിയിൽനിന്ന് പുറത്താക്കാൻ തക്കവിധം ഗുരുതരമായ അച്ചടക്കക്കുററം ആരോപിക്കപ്പെടാൻ ഇടയുള്ള ആളാണ് രാജിവെക്കാനാഗ്രഹിക്കുന്നതെങ്കിൽ, ആ കുററാരോപണത്തിൽ കഴമ്പുണ്ടെങ്കിൽ, ആ രാജി പാർടിയിൽ നിന്നുമുള്ള പുറത്താക്കലായി കണക്കാക്കി നടപ്പിൽ വരുത്തേണ്ടതുമാണ്.

3. അങ്ങനെ പുറംതള്ളലായി നടപ്പിൽ വരുത്തുന്ന എല്ലാ രാജി ക്കാര്യങ്ങളും ഉടനടി അടുത്ത മേൽകമ്മിററിക്ക് റിപ്പോർട് ചെയ്യേണ്ടതും ആ കമ്മിററിയുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതുമാണ്.

## വകുപ്പ് 9
## അംഗവരി

1. ഓരോ പാർടിഅംഗവും സ്ഥാനാർഥിഅംഗവും പാർടിഅംഗവരിയായി പ്രതിവർഷം രണ്ട് രൂപ വീതം നൽകേണ്ടതാണ്. പാർടിയിൽചേരുന്ന സമയത്തോ ഓരോ വർഷവും മാർച്ച് മാസം അവസാനി

ക്കുന്നതിനുമുമ്പോ ഈ പ്രതിവർഷ പാർടിവരിസംഖ്യ ഓരോ അംഗവും ബന്ധപ്പെട്ട ബ്രാഞ്ച് അല്ലെങ്കിൽ യൂണിററ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. തക്കസമയത്ത് ഒരു അംഗം വരിസംഖ്യ നൽകാത്തപക്ഷം അംഗത്വപട്ടികയിൽനിന്ന് ആ അംഗത്തിൻെറ പേർ നീക്കം ചെയ്യപ്പെടും.

പരിതഃസ്ഥിതികരം നിർബന്ധിക്കുകയാണെങ്കിൽ കേന്ദ്രകമ്മിററിക്ക് ഈ അവസാനതിയതി നീട്ടാവുന്നതാണ്.

2. പാർടിഅംഗങ്ങളിൽനിന്ന് ശേഖരിക്കുന്ന വരിസംഖ്യ മുഴുവൻ പാർടി ബ്രാഞ്ചോ ഘടകമോ തക്കതായ പാർടികമ്മിററികളിലൂടെ കേന്ദ്രകമ്മിററിയെ ഏൽപിക്കണം.

## വകുപ്പ് 10
## പാർടി ലെവി

കേന്ദ്രകമ്മിററി നിശ്ചയിക്കുന്ന പ്രകാരം ഒരു പ്രതിമാസ ലെവി എല്ലാ പാർടിഅംഗങ്ങളും അടയ്ക്കണം. വർഷാവർഷമായോ കാലാകാലത്തിലോ മാത്രം വരുമാനം കിട്ടുന്നവർ നിശ്ചിതശതമാനം അനുസരിച്ച് ഓരോ കാലത്തിൻെറയും ആദ്യമോ മുമ്മൂന്നുമാസത്തിലാദ്യമോ ലെവി അടയ്ക്കേണ്ടതാണ്. നിശ്ചിതസമയത്തെ തുടർന്ന് മൂന്നുമാസം കഴിഞ്ഞിട്ടും ലെവി അടയ്ക്കാത്ത ആളുകളുടെ പേർ പാർടിയുടെ അംഗത്വപട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

## വകുപ്പ് 11
## പാർടി അംഗങ്ങളുടെ ചുമതലകൾ

1. പാർടിഅംഗങ്ങളുടെ ചുമതലകരം താഴെ ചേർകുന്നു:

എ. തങ്ങരം അംഗമായിട്ടുള്ള പാർടിസംഘടനയുടെ പ്രവർത്തനങ്ങളിൽ കൃത്യമായി പങ്കുകൊള്ളുകയും പാർടിയുടെ നയവും തീരുമാനങ്ങളും നിർദേശങ്ങളും വിശ്വസ്തതയോടെ നടപ്പാക്കുകയും ചെയ്യുക.

ബി. മാർക്സിസം—ലെനിനിസം പഠിക്കുകയും സ്വന്തം അറിവിൻെറ നിലവാരം ഉയർത്താൻ പരിശ്രമിക്കുകയും ചെയ്യുക.

സി. പാർടിപത്രങ്ങളും പ്രസിദ്ധീകരണങ്ങളും വായിക്കുകയും അവ നിലനിർത്താൻ സഹായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

ഡി. പാർടിഭരണഘടന മാനിക്കുക, അച്ചടക്കം പാലിക്കുക, കമ്യൂണിസത്തിൻെറ മഹനീയമായ ആദർശങ്ങരംക് അനുസരണമായും തൊഴിലാളിവർഗ സാർവദേശീയത്വത്തിൻെറ അന്തഃസത്ത ഉരംകൊണ്ടും പെരുമാറുക.

ഇ. സ്വന്തം താൽപര്യങ്ങൾക്ക് ഉപരി പാർടിതാൽപര്യങ്ങൾക്ക് സ്ഥാനം നൽകുക.

എഫ്. ബഹുജനങ്ങളെ അർപണമനോഭാവത്തോടെ സേവിക്കുകയും അവരുമായുള്ള ബന്ധം നിരന്തരം ശക്തിപ്പെടുത്തുകയും ചെയ്യുക. ബഹുജനങ്ങളിൽനിന്ന് കാര്യങ്ങൾ ഗ്രഹിക്കുക; അവരുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും പാർടിക്ക് റിപ്പോർടുചെയ്യുക. പ്രത്യേകം ഒഴിവാക്കപ്പെടാത്തപക്ഷം പാർടിയുടെ മാർഗനിർദേശം അനുസരിച്ച് ഏതെങ്കിലും ഒരു ബഹുജനസംഘടനയിൽ പ്രവർത്തിക്കുക.

ജി. പാർടിഅംഗങ്ങൾ തമ്മിൽ സഖാക്കൾക്ക് അനുയോജ്യമായ ബന്ധം വളർതുകയും പാർടിക്കുള്ളിൽ സാഹോദര്യമനോഭാവം നിരന്തരം പ്രബലപ്പെടുത്തുകയും ചെയ്യുക.

എച്ച്. തനിയെയും കൂട്ടായും ഉള്ള പ്രവർത്തനം മെച്ചപ്പെടുത്തുവാനും അന്യോന്യം സഹായിക്കാനും ആയി വിമർശനവും സ്വയംവിമർശനവും പതിവായി നടത്തുക.

ഐ. പാർടിയോട് ഉള്ളുതുറന്ന് സത്യസന്ധമായി പെരുമാറുക, പാർടി അർപിക്കുന്ന വിശ്വാസത്തെ വഞ്ചിക്കാതിരിക്കുക

ജെ. പാർടിയുടെ ഐക്യവും കെട്ടുറപ്പും സംരക്ഷിക്കുക, രാജ്യത്തിൻെറയും തൊഴിലാളിവർഗത്തിൻെറയും ശത്രുക്കൾക്കെതിരായി ജാഗരൂകരായിരിക്കുക.

കെ. പാർടിയുടെയും തൊഴിലാളിവർഗത്തിൻെറയും രാജ്യത്തിൻെറയും ശത്രുക്കളുടെ കടന്നാക്രമണത്തിനെതിരായി പാർടിയെ കാത്തുസൂക്ഷിക്കുകയും പാർടിയുടെ ആദർശം ഉയർത്തിപ്പിടിക്കുകയും ചെയ്യുക.

2. പാർടിഅംഗങ്ങളെക്കൊണ്ട് മേൽപറഞ്ഞ ചുമതലകൾ നിറവേററുകയും അവ നിർവഹിക്കുന്നതിന് കഴിവുള്ള വിധത്തിലെല്ലാം സഹായിക്കുകയും ചെയ്യുക പാർടിസംഘടനകളുടെ കടമയാണ്.

## വകുപ്പ് 12

## പാർടിഅംഗങ്ങളുടെ അവകാശങ്ങൾ

1. പാർടിഅംഗങ്ങളുടെ അവകാശങ്ങൾ താഴെ ചേർകുന്നു;

എ. പാർടിസംഘടനകളെയും പാർടികമ്മിററികളെയും തെരഞ്ഞെടുക്കുക. അവയിലേക്ക് തെരഞ്ഞെടുക്കപ്പെടുക.

ബി. പാർടിനയങ്ങളും പാർടിതീരുമാനങ്ങളും രൂപീകരിക്കുന്നതിന് സംഭാവന നൽകാനായി ചർചകളിൽ പങ്കെടുക്കുക.

സി. പാർടിയിലെ സ്വന്തം പ്രവർത്തനത്തെപ്പററി നിർദേശങ്ങൾ വെക്കുക.

ഡി. പാർടിയോഗങ്ങളിൽവെച്ച് പാർടികമ്മിററികളെയും ഭാരവാഹികളെയും വിമർശിക്കുക.

ഇ. തനിക്കെതിരായ അച്ചടക്കനടപടിയെപ്പററി ചർചചെയ്യു മ്പോഗം അതിനെപ്പററി തൻെറ ഘടകത്തിൽ നേരിട്ട് ഹാജരായി തനിക്ക് പറയാനുള്ളത് പറയുക.

എഫ്. തൻെറ പാർടികമ്മിററിയുടെയോ സംഘടനയുടെയോ ഏതെങ്കിലും തീരുമാനത്തോട് ഒരു പാർടിഅംഗം യോജിക്കുന്നില്ലെങ്കിൽ അയാഗക് തൻെറ അഭിപ്രായം തൊട്ടടുത്ത മേൽകമ്മിററിക്ക് സമർപിക്കാവുന്നതാണ്, രാഷ്ട്രീയ അഭിപ്രായഭിന്നതയുള്ള പാർടി അംഗത്തിന് തൻെറ അഭിപ്രായം കേന്ദ്രകമ്മിററിവരെയുള്ള ഏതു മേൽ കമ്മിററിക്കും സമർപിക്കാം. അത്തരം സന്ദർഭങ്ങളിലെല്ലാം പാർടിഅംഗം തീർചയായും പാർടിതീരുമാനങ്ങഗം നടപ്പാക്കേണ്ടതും അഭിപ്രായഭിന്നതകഗം പ്രായോഗികപരീക്ഷണത്തിലൂടെയും സഖാക്കഗംക് അനുയോജ്യമായ ചർചകളിലൂടെയും പരിഹരിക്കാൻ ശ്രമിക്കേണ്ടതുമാണ്.

ജി. കേന്ദ്രകമ്മിററി ഉഗംപെടെ അതുവരെയുള്ള ഏത് മേൽഘടകത്തിനും എന്തെങ്കിലും പ്രസ്താവനയോ പരാതിയോ അപ്പീലോ സമർപിക്കുക.

2. ഈ അവകാശങ്ങഗം മാനിക്കേണ്ടത് പാർടിസംഘടനകളുടെയും ഭാരവാഹികളുടെയും കടമയാണ്.

## വകുപ്പ് 13

## ജനാധിപത്യ കേന്ദ്രീകരണത്തിൻെറ തത്വങ്ങൾ

1. പാർടിസംഘടനയുടെ അടിസ്ഥാനവും ഉഗംപാർടി ജീവിതത്തിന് വഴികാട്ടുന്നതും ജനാധിപത്യകേന്ദ്രീകരണത്തിൻെറ തത്വങ്ങളാണ്. ജനാധിപത്യകേന്ദ്രീകരണമെന്നു പറഞ്ഞാൽ ഉഗംപാർടിജനാധിപത്യത്തിൻെറ അടിസ്ഥാനത്തിലുള്ള കേന്ദ്രീകൃത നേതൃത്വമെന്നും കേന്ദ്രീകൃതനേതൃത്വത്തിൻെറ മാർഗനിർദേശത്തോടുകൂടിയ ജനാധിപത്യമെന്നും ആണ് അർഥം.

പാർടിഘടനയുടെ രംഗത്ത് ജനാധിപത്യകേന്ദ്രീകരണത്തിൻെറ മാർഗദർശകതത്വങ്ങഗം താഴെ പറയുന്നവയാണ്:

എ. ഉന്നതതലം തൊട്ട് താഴേപ്പടിവരെയുള്ള എല്ലാ പാർടിഘടകങ്ങളും തെരഞ്ഞെടുക്കപ്പെട്ടവയാകണം:

ബി. ന്യൂനപക്ഷം, ഭൂരിപക്ഷതീരുമാനം നടപ്പിൽവരുത്തണം, പാർടിയുടെ കീഴ്ഘടകങ്ങഗം മേൽഘടകങ്ങളുടെ തീരുമാനങ്ങളും നിർദേശങ്ങളും നടപ്പാക്കണം. വ്യക്തികഗം കൂട്ടായ തീരുമാനങ്ങഗംകും ഇച്ഛക്കും കീഴ്പെടണം. പാർടികോൺഗ്രസിൻെറയും കേന്ദ്രകമ്മിററിയുടെയും തീരുമാനങ്ങളും നിർദേശങ്ങളും എല്ലാ പാർടിസംഘടനകളും നടപ്പാക്കണം.

സി. എല്ലാ പാർടികമ്മിററികളും തങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് തൊട്ടുകീഴിലുള്ള പാർടിഘടകങ്ങൾക്ക് കാലാകാലങ്ങളിൽ റിപ്പോർട്ടുചെയ്യണം. അതുപോലെതന്നെ എല്ലാ കീഴ്കമ്മിററികളും തൊട്ടുമേലെയുള്ളവക്കും റിപ്പോർട്ടുചെയ്യണം.

ഡി. എല്ലാ പാർടികമ്മിററികളും, നേതൃസ്ഥാനത്തുള്ളവ പ്രത്യേകിച്ചും, കീഴ്കമ്മിററികളുടെയും കീഴ്സംഘടനകളുടെയും പാർടിഅണികളിലെ അംഗങ്ങളുടെയും അഭിപ്രായങ്ങളും വിമർശനങ്ങളും നിരന്തരശ്രദ്ധയോടെ പരിഗണിക്കേണ്ടതാണ്.

ഇ. എല്ലാ പാർടികമ്മിററികളും കൂട്ടായ തീരുമാനത്തിൻെറയും പ്രവർത്തനപരിശോധനയുടെയും(ചെക്ക്—അപ്പ്)അടിസ്ഥാനത്തിലും വ്യക്തിപരമായ ഉത്തരവാദിത്വത്തോടെയും പ്രവർത്തിക്കേണ്ടതാണ്.

എഫ്. എല്ലാ സാർവദേശീയപ്രശ്നങ്ങളും അഖിലേന്ത്യാ സ്വഭാവമുള്ളവയോ ഒന്നിലധികം സംസ്ഥാനങ്ങളെ സംബന്ധിക്കുന്നവയോ ആയ പ്രശ്നങ്ങളും രാജ്യവ്യാപകമായി ഏകീകൃതതീരുമാനം ആവശ്യമായ പ്രശ്നങ്ങളും സംബന്ധിച്ച് അഖിലേന്ത്യാപാർടി സംഘടനകൾ തീരുമാനം എടുക്കേണ്ടതാണ്. സംസ്ഥാനവ്യാപകമോ ജില്ലയെമാത്രം ബാധിക്കുന്നതോ ആയ പ്രശ്നങ്ങൾ സാധാരണഗതിയിൽ അതത് പാർടിസംഘടനകൾക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ ഒരു നിലക്കും അത്തരം തീരുമാനങ്ങൾ മേൽകമ്മിററികളുടെ തീരുമാനങ്ങൾക്ക് വിരുദ്ധമാകാൻ പാടില്ല. സംസ്ഥാന പ്രാധാന്യം വരെ ഉള്ള ഏതെങ്കിലും പ്രശ്നത്തിൽ പാർടിയുടെ കേന്ദ്രനേതൃത്വത്തിന് തീരുമാനം എടുക്കേണ്ടതായിവരുമ്പോൾ സാധാരണഗതിയിൽ ബന്ധപ്പെട്ട സംസ്ഥാന കമ്മിററിയുമായി ആലോചിച്ചേ അങ്ങനെ ചെയ്യാവൂ; ജില്ലയെ സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന കമ്മിററിയും അങ്ങനെയേ ചെയ്യാവൂ.

ജി. അഖിലേന്ത്യാതലത്തിൽ പാർടിനയങ്ങളെ ബാധിക്കുന്നവയും എന്നാൽ പാർടി അതിൻെറ നിലപാട് ആദ്യമായി പ്രകടിപ്പിക്കേണ്ടിവരുന്നതുമായ പ്രശ്നങ്ങളിൽ നയപരമായ പ്രസ്താവന ചെയ്യാൻ കേന്ദ്രകമ്മിററിക്ക് മാത്രമേ അധികാരമുള്ളു. കേന്ദ്രനേതൃത്വത്തിൻെറ പരിഗണനക്കായി അതേക്കുറിച്ച് തങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും തക്കസമയത്ത്; അറിയിക്കാൻ കീഴ്കമ്മിററികൾക്ക് അവകാശമുണ്ട്; അവയങ്ങനെ ചെയ്യേണ്ടതുമാണ്.

2. പാർടിഅംഗങ്ങളുടെയാകെയും ജനകീയപ്രസ്ഥാനത്തിൻെറയും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉൾപാർടിജീവിതരംഗത്ത് ജനാധിപത്യകേന്ദ്രീകരണത്തിൻെറ താഴെപ്പറയുന്ന നിർദേശകതത്വങ്ങൾ നടപ്പാക്കിയിരിക്കുന്നു;

എ. പാർടിയെയും അതിന്റെ നയങ്ങളെയും പ്രവർത്തനങ്ങളെയും ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെയുംപററി പാർടിഘടകങ്ങളിൽ സ്വതന്ത്രവും തുറന്നതുമായ ചർച്ച നടത്തുക.

ബി. പാർടിനയങ്ങൾ നടപ്പാക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും പാർടിഅംഗങ്ങളെ സജീവമാക്കാനും പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ അവരുടെ നിലവാരം ഉയർത്താനും പാർടിജീവിതത്തിലും പ്രവർത്തനത്തിലും ഫലപ്രദമായി പങ്കുവഹിക്കാൻ ഉതകുംവിധം അവരുടെ പൊതുവിജ്ഞാനം മെച്ചപ്പെടുത്താനും ഉള്ള ശ്രമങ്ങൾ നിരന്തരമായി നടത്തുക.

സി. ഒരു പാർടികമ്മിററിയിൽ ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവന്നാൽ യോജിപ്പിലെത്തുന്നതിനു വേണ്ടി എല്ലാ പ്രകാരേണയും യത്നിക്കുക. ഇത് കഴിയാതെ വന്നാൽ, പാർടിക്കും ബഹുജനപ്രസ്ഥാനത്തിനും പെട്ടെന്ന് ഒരു തീരുമാനം ഇതേക്കുറിച്ച് ആവശ്യമില്ലാത്തപക്ഷം, തുടർന്നുള്ള ചർച്ചവഴി അഭിപ്രായഭിന്നതകൾ പരിഹരിക്കാൻവേണ്ടി തീരുമാനം മാററിവെക്കുക.

ഡി. മേലേക്കിടയിലുള്ളവതൊട്ട് കീഴേക്കിടയിലുള്ളവ വരെ എല്ലാ നിലവാരത്തിലും വിമർശനവും സ്വയംവിമർശനവും, കീഴ് കമ്മിററികളിൽ നിന്നുള്ള വിമർശനം പ്രത്യേകിച്ചും, പ്രോത്സാഹിപ്പിക്കുക.

ഇ. എല്ലാ നിലവാരത്തിലും ഉദ്യോഗസ്ഥമേധാവിത്വപ്രവണതകൾക്കെതിരായി നിരന്തരം സമരം ചെയ്യുക.

എഫ്. പാർടിക്കുള്ളിൽ ഏതു് രൂപത്തിലുള്ളതായാലും ശരി, വിഭാഗീയതയും വിഭാഗീയഗ്രൂപ്പുകളും അനുവദിക്കില്ല.

ജി. പാർടിക്കുള്ളിൽ സാഹോദര്യബന്ധവും പരസ്പര സഹായവും വളർത്തുക; സഖാക്കളോട് സഹാനുഭൂതിയോടെ പെരുമാറിക്കൊണ്ട് അവരുടെ തെററുതിരുത്തുക; അവരെയും അവരുടെ പ്രവർത്തനത്തെയും ഒററപ്പെട്ട തെററുകളുടെയോ സംഭവങ്ങളുടെയോ അടിസ്ഥാനത്തിലല്ലാതെ പാർടിക്ക് അവർ നൽകിയ സേവനങ്ങളെ ആകെ കണക്കിലെടുത്തുകൊണ്ട് വിലയിരുത്തുക—അങ്ങനെ പാർടിമനോഭാവവും പാർടിബോധവും വളർത്തുക.

## വകുപ്പ് 14

## അഖിലേന്ത്യാ പാർടികോൺഗ്രസ്

1. രാജ്യത്ത് ആകെ പാർടിയുടെ ഏററവും ഉയർന്ന സംഘടന അഖിലേന്ത്യാ പാർടികോൺഗ്രസായിരിക്കും.

എ. സാധാരണഗതിയിൽ 3 കൊല്ലത്തിലൊരിക്കൽ കേന്ദ്രകമ്മിററി പാർടികോൺഗ്രസ് വിളിച്ചുകൂട്ടേണ്ടതാണ്.

ബി. ആവശ്യമെന്ന് തോന്നുമ്പോഴ് സ്വന്തം തീരുമാനം അനുസരിച്ചോ ഒട്ടാകെ പാർടി അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്തവരെ പ്രതിനിധീകരിക്കുന്ന രണ്ടോ അതിലധികമോ സംസ്ഥാന പാർടി ഘടകങ്ങളുടെ ആവശ്യം അനുസരിച്ചോ കേന്ദ്രകമ്മിററി വിശേഷാൽ പാർടി കോൺഗ്രസ് വിളിച്ചുകൂട്ടേണ്ടതാണ്.

സി. പാർടികോൺഗ്രസിൻെറയോ വിശേഷാൽ പാർടികോൺഗ്രസിൻെറയോ സ്ഥലവും തിയതിയും ഇക്കാര്യത്തിനുവേണ്ടി പ്രത്യേകം വിളിച്ചുകൂട്ടുന്ന കേന്ദ്രകമ്മിററിയോഗം തീരുമാനിക്കുന്നതാണ്.

ഡി. സംസ്ഥാനസമ്മേളനങ്ങളും അഖിലേന്ത്യാ പാർടി കേന്ദ്രത്തിൻെറ നേരിട്ടു കീഴിലുള്ള പാർടിഘടകങ്ങളുടെ സമ്മേളനങ്ങളും തെരഞ്ഞെടുത്ത് അയക്കുന്ന പ്രതിനിധികൾ ചേർന്നതാണ് ക്രമപ്രകാരമുള്ള പാർടികോൺഗ്രസ്.

ഇ. സാധാരണ പാർടികോൺഗ്രസിലേക്കുള്ള പ്രാതിനിധ്യത്തിൻെറ അടിസ്ഥാനവും വിശേഷാൽകോൺഗ്രസിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായവും പ്രാതിനിധ്യത്തിൻെറ അടിസ്ഥാനവും കേന്ദ്രകമ്മിററി നിശ്ചയിക്കുന്നതാണ്. ആകെയുള്ള പാർടി അംഗസംഖ്യ, പാർടി നയിക്കുന്ന ബഹുജനപ്രസ്ഥാനങ്ങളുടെ കരുത്ത്, അതത് സംസ്ഥാനങ്ങളിൽ പാർടിക്കുള്ള ശക്തി—എന്നിവയാണ് കേന്ദ്രകമ്മിററിയുടെ തീരുമാനത്തിലുള്ള പൊതുവായ അടിസ്ഥാനം.

എഫ്. സാധാരണ പാർടികോൺഗ്രസിലും വിശേഷാൽകോൺഗ്രസിലും പൂർണ പ്രതിനിധികളായി പങ്കെടുക്കാൻ കേന്ദ്രകമ്മിററി അംഗങ്ങൾക്ക് അവകാശമുണ്ട്.

2. സാധാരണ പാർടികോൺഗ്രസിൻെറ പ്രവർത്തനങ്ങളും അധികാരങ്ങളും താഴെപ്പറയുന്നവയാണ്:

എ. കേന്ദ്രകമ്മിററിയുടെ രാഷ്ട്രീയ-സംഘടനാറിപ്പോർട് ചർച്ച ചെയ്ത് വേണ്ട നടപടികൾ എടുക്കുക.

ബി. പാർടിപരിപാടിയും ഭരണഘടനയും പുനഃപരിശോധിച്ച് വേണ്ട മാററങ്ങൾ വരുത്തുക.

സി. സമകാലിക പരിതഃസ്ഥിതിയിൽ പാർടിയുടെ നയം നിർണയിക്കുക.

ഡി. രഹസ്യവോട്ടെടുപ്പ് അനുസരിച്ച് കേന്ദ്രകമ്മിററിയെ തെരഞ്ഞെടുക്കുക.

3. കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ വിശ്വാസയോഗ്യത പരിശോധിച്ച് കോൺഗ്രസിന് റിപ്പോർടുചെയ്യാനായി ഒരു ക്രെഡൻഷ്യൽ കമ്മിററിയെ കോൺഗ്രസ് തെരഞ്ഞെടുക്കുന്നതാണ്.

4. യോഗനടപടികൾ നടത്തുന്നതിനായി കോൺഗ്രസ് ഒരു പ്രിസീഡിയത്തെ—അധ്യക്ഷമണ്ഡലത്തെ—തെരഞ്ഞെടുക്കുന്നതാണ്.

## വകുപ്പ് 15
## കേന്ദ്രകമ്മിററി

1. എ. പാർടികോൺഗ്രസ് ഒരു കേന്ദ്രകമ്മിററിയെ തെരഞ്ഞെടുക്കുന്നതായിരിക്കും. കേന്ദ്രകമ്മിററിയിലെ അംഗസംഖ്യ കോൺഗ്രസ് തന്നെ തീരുമാനിക്കും.

ബി. സ്ഥാനം ഒഴിയുന്ന കേന്ദ്രകമ്മിററി പുതിയ കമ്മിററിയിലേക്കുള്ള സ്ഥാനാർഥികളുടെ ഒരു പാനൽ പാർടികോൺഗ്രസിൻെറ പരിഗണനക്ക് സമർപിക്കണം.

സി. ബഹുജനങ്ങളുമായി അടുത്ത ബന്ധമുള്ളതും തൊഴിലാളിവർഗത്തിൻെറ വിപ്ളവവീക്ഷണത്തിൽ അടിയുറച്ചതും മാർക്സിസം—ലെനിനിസത്തിൽ ശിക്ഷണം നേടിയതുമായ കഴിവുററ ഒരു നേതൃത്വത്തെ സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെ ആകണം സ്ഥാനാർഥികളുടെ പാനൽ തയ്യാറാക്കുന്നത്.

ഡി. പാനലിൽ ഉള്ള ഏതൊരാളുടെയും പേരിലും ഏതൊരു പ്രതിനിധിക്കും എതിർപ്പ് ഉന്നയിക്കാവുന്നതും പുതുതായി ഒന്നോ അതിലധികമോ പേരുകൾ നിർദേശിക്കാവുന്നതുമാണ്. പക്ഷെ നിർദേശിക്കപ്പെടുന്ന പേരുകാരൻെറ മുൻകൂട്ടിയുള്ള സമ്മതം വാങ്ങിയിരിക്കണം.

ഇ. പേര് നിർദേശിക്കപ്പെട്ട ഏതൊരാൾക്കും പിൻമാറാൻ അവകാശം ഉണ്ടായിരിക്കും.

എഫ്. നിർദേശിക്കപ്പെട്ട പാനലും പ്രതിനിധികൾ നിർദേശിച്ച പേരുകളും ചേർത്ത് വോട്ടിനിടും. വോട്ടെടുപ്പ് രഹസ്യബാലററനുസരിച്ചും ഒരു സ്ഥാനാർഥിക്ക് ഒരു വോട്ടുമാത്രമേ നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥയനുസരിച്ചുമായിരിക്കണം. (രഹസ്യമായ ഏക വിതരണ വോട്ടുസമ്പ്രദായം.) കൂടുതൽ പേരുകൾ നിർദേശിക്കപ്പെട്ടിട്ടില്ലെങ്കിൽ പ്രതിനിധികളുടെ അംഗീകാരം കയ്യുയർത്തി രേഖപ്പെടുത്തും.

2. രണ്ട് പാർടികോൺഗ്രസുകൾക്കിടയിലുള്ള കാലയളവിൽ കേന്ദ്രകമ്മിററിക്കായിരിക്കും പാർടിയിൽ പരമാധികാരം.

3. പാർടിഭരണഘടന പ്രാബല്യത്തിൽ വരുത്തുന്നതിൻെറയും പാർടികോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയലൈനും തീരുമാനങ്ങളും നടപ്പാക്കുന്നതിൻെറയും ഉത്തരവാദിത്വം കേന്ദ്രകമ്മിററിക്കുണ്ട്.

4. കേന്ദ്രകമ്മിററി പാർടിയെ ആകെ പ്രതിനിധാനം ചെയ്യുന്നു. പാർടിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗനിർദേശം നൽകാനുള്ള ഉത്തരവാദിത്വം കേന്ദ്രകമ്മിററിക്കാണ്. പാർടി നേരിടുന്ന ഏതു പ്രശ്നത്തിലും പൂർണാധികാരത്തോടെ തീരുമാനമെടുക്കാനുള്ള അവകാശം കേന്ദ്രകമ്മിററിക്കുണ്ട്.

5. കേന്ദ്രകമ്മിററി അതിൻെറ അംഗങ്ങളിൽ നിന്ന് ജനറൽസെക്രട്ടറി ഉൾപ്പെടെ ഒരു പൊളിററ് ബ്യൂറോയെ തെരഞ്ഞെടുക്കും. പൊളിററ് ബ്യൂറോയുടെ അംഗസംഖ്യ കേന്ദ്രകമ്മിററി നിശ്ചയിക്കും. കേന്ദ്രകമ്മിററിയുടെ രണ്ടു യോഗങ്ങൾക്കിടക്കുള്ള കാലയളവിൽ അതിൻെറ പ്രവർത്തനങ്ങൾ പൊളിററ് ബ്യൂറോ ആണ് നടത്തുക. ഈ കാലയളവിൽ രാഷ്ട്രീയവും സംഘടനാപരവുമായ തീരുമാനങ്ങളെടുക്കാൻ പൊളിററ് ബ്യൂറോക്ക് അവകാശമുണ്ട്.

6 സംസ്ഥാനകമ്മിററികളുടെ സെക്രട്ടറിമാരെയും പാർടിയുടെ സംസ്ഥാനമുഖപത്രങ്ങളുടെ പത്രാധിപൻമാരെയും തെരഞ്ഞെടുത്താൽ അതിന് കേന്ദ്രകമ്മിററിയുടെ അംഗീകാരം ലഭിക്കണം.

7. എ. കടുത്ത അച്ചടക്കലംഘനം, സ്വഭാവദൂഷ്യം, പാർടി വിരുദ്ധപ്രവർത്തനം എന്നിവക്ക് ഏതൊരംഗത്തെയും പുറത്താക്കാൻ കേന്ദ്രകമ്മിററിക്കധികാരമുണ്ട്. എന്നാൽ അങ്ങനെ ചെയ്യുന്നതിന് യോഗത്തിൽ പങ്കെടുത്ത് വോട്ടുചെയ്യുന്നവരുടെ മൂന്നിൽ രണ്ടുഭാഗത്തിൻെറ പിന്തുണ ഉണ്ടായിരിക്കണം. കൂടാതെ അങ്ങനെ വോട്ടുചെയ്യുന്നവരുടെ എണ്ണം ഒട്ടാകെയുള്ള കേന്ദ്രകമ്മിററി അംഗങ്ങളുടെ പകുതിയിലധികമായിരിക്കുകയും വേണം.

ബി. ഒട്ടാകെ അംഗങ്ങളിൽ കേവല ഭൂരിപക്ഷതീരുമാനമനുസരിച്ച് ഒഴിവുവന്ന ഏത് സ്ഥാനവും കേന്ദ്രകമ്മിററിക്ക് നികത്താവുന്നതാണ്.

സി. ഏതെങ്കിലും കേന്ദ്രകമ്മിററിഅംഗത്തെയോ അംഗങ്ങളെയോ അറസ്ററ് ചെയ്യുകയാണെങ്കിൽ അവശേഷിച്ചവർക് ഒഴിവുകൾ നികത്തുവാൻ ഒരു അംഗത്തെയോ അംഗങ്ങളെയോ കോ—ഓപ്ററ് ചെയ്യാവുന്നതാണ്. അങ്ങനെ കോ—ഓപ്ററ് ചെയ്യപ്പെടുന്നവർക് മുമ്പുണ്ടായിരുന്ന അംഗങ്ങളെപ്പോലെ പൂർണാധികാരങ്ങളുണ്ടായിരിക്കും. എന്നാൽ അറസ്ററ് ചെയ്യപ്പെട്ടവർ വിമോചിതരായി തങ്ങളുടെ ചുമതല ഏറെറടുക്കുമ്പോൾ കോ-ഓപ്ററ് ചെയ്യപ്പെട്ടവർ ഒഴിഞ്ഞുകൊടുക്കണം.

8. കേന്ദ്രകമ്മിററിയുടെ ഒരു യോഗം കഴിഞ്ഞ് മറെറാന്നു കൂടുന്നതിനിടയിലുള്ള കാലയളവ് സാധാരണഗതിയിൽ മൂന്നുമാസത്തിൽ കൂടുതൽ കവിയാൻ പാടില്ല. കൂടാതെ, മൂന്നിലൊരുഭാഗം അംഗങ്ങൾ ആവശ്യപ്പെട്ടാൽ കേന്ദ്രകമ്മിററി വിളിച്ചുകൂട്ടേണ്ടതാണ്.

9. കേന്ദ്രകമ്മിററി രാഷ്ട്രീയ—സംഘടനാപ്രശ്നങ്ങളെക്കുറിച്ചും ബഹുജനപ്രസ്ഥാനത്തിൻെറ പ്രശ്നങ്ങളെക്കുറിച്ചും ചർചചെയ്ത് തീരുമാനിക്കുകയും സംസ്ഥാനകമ്മിററിക്കും ബഹുജനസംഘടനകളിലെ അഖിലേന്ത്യാ ഫ്രാക്ഷനുകൾക്കും മാർഗനിർദേശം നൽകി അവയെ നയിക്കുകയും ചെയ്യണം.

10. പാർടിയുടെ സാമ്പത്തികകാര്യങ്ങളുടെ ചുമതല കേന്ദ്രകമ്മിററിക്കാണ്. പൊളിററ്ബ്യൂറോ കൊല്ലത്തിലൊരിക്കൽ സമർപിക്കുന്ന വരവുചെലവ് കണക്ക് കേന്ദ്രകമ്മിററി ചർചചെയ്ത് അംഗീകരിക്കുന്നതാണ്.

11. പാർടികോൺഗ്രസ് ചേരുമ്പോഴെല്ലാം കേന്ദ്രകമ്മിററി അതിൻെറ രാഷ്ട്രീയ-സംഘടനാ റിപ്പോർട് കോൺഗ്രസ് മുമ്പാകെ സമർപ്പിക്കണം.

12. പാർടിയുടെ വിപ്ളവനേതൃത്വത്തെ ശക്തിപ്പെടുത്താനും സംസ്ഥാന സംഘടനകളുടെ പരിശോധന (ചെക്ക്—അപ്പ്) നടത്തുന്നതിനും ആയി കേന്ദ്രകമ്മിററി പ്രതിനിധികളെയും സംഘാടകരെയും അയക്കുന്നു. കേന്ദ്രകമ്മിററിയോ പൊളിററ് ബ്യൂറോയോ അതതു സന്ദർഭങ്ങളിൽ നൽകുന്ന പ്രത്യേക നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവർ പ്രവർത്തിക്കേണ്ടത്.

13. ആവശ്യമെന്നു തോന്നുന്നപക്ഷം കേന്ദ്രകമ്മിററിക്ക് കേന്ദ്രകമ്മിററിയുടെ ഒരു വിപുലീകരിച്ച സമ്മേളനമോ പ്ളീനമോ കോൺഫറൻസോ വിളിച്ചുകൂട്ടാവുന്നതാണ്. ഇതിൽ പങ്കെടുക്കേണ്ടതിൻെറ അടിസ്ഥാനമെന്താണെന്നും ഇത്തരം യോഗങ്ങൾക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ട സമ്പ്രദായവും കേന്ദ്രകമ്മിററി തീരുമാനിക്കുന്നതാണ്.

14. എന്തെങ്കിലും അടിയന്തരാവസ്ഥയോ വലിയതോതിൽ അറസ്ററുകളോ ഉണ്ടായാൽ കേന്ദ്രകമ്മിററിയും സംസ്ഥാനകമ്മിററികളും ജില്ലാകമ്മിററികളും ഒതുങ്ങിയ ചെറിയ കമ്മിററികളായി പുനഃസംഘടിപ്പിക്കപ്പെടും. അപ്രകാരം പുനഃസംഘടിപ്പിക്കപ്പെടുന്ന കേന്ദ്രകമ്മിററിയിലേക്കുള്ള പേരുകളടങ്ങിയ പട്ടിക അവശേഷിച്ച പി ബി അംഗങ്ങൾ തയ്യാറാക്കും. അതിന് അകത്തും പുറത്തുമുള്ള കേന്ദ്രകമ്മിററി അംഗങ്ങളുടെ അംഗീകാരം ലഭിക്കണം. സംസ്ഥാന—ജില്ല കമ്മിററികൾ പുനഃസംഘടിപ്പിക്കാനുള്ള പേരുകൾ അതത് കമ്മിററികളിലെ അവശേഷിച്ച അംഗങ്ങൾ തയ്യാറാക്കണം, അവക്കെല്ലാം തൊട്ടടുത്ത മേൽകമ്മിററിയുടെ അംഗീകാരം ലഭിക്കണം. ആവശ്യമെന്നുകണ്ടാൽ തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉത്തരവാദിത്വങ്ങൾ നിറവേററുന്നതിനും സബ് കമ്മിററികൾ രൂപീകരിക്കാവുന്നതാണ്. പാർടിസംഘടന നിലനിർത്തുന്നതിനാവശ്യമായ പുതിയ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് പുനഃസംഘടിപ്പിച്ച കേന്ദ്രകമ്മിററിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ പരിതഃസ്ഥിതി സാധാരണ ഗതിയിലാകുമ്പോൾ തെരഞ്ഞെടുത്ത കമ്മിററികൾ വീണ്ടും അധികാരമേൽകും.

## വകുപ്പ് 16
## പാർടിയുടെ സംസ്ഥാന—ജില്ല ഘടകങ്ങൾ

1. സംസ്ഥാനത്തിലെയോ ജില്ലയിലെയോ ഏററവും ഉയർന്ന പാർടിസംഘടന സംസ്ഥാനസമ്മേളനമോ ജില്ലാസമ്മേളനമോ ആയിരിക്കും. അവ സംസ്ഥാനകമ്മിററിയെയും ജില്ലാകമ്മിററിയെയും തെരഞ്ഞെടുക്കുന്നതാണ്.

2. എ. സംസ്ഥാനത്തിലെയോ ജില്ലയിലെയോ പാർടിഘടകത്തിൻെറ സംഘടനാസ്വഭാവവും അവകാശവും പ്രവൃത്തിയും അഖിലേന്ത്യാതലത്തിലുള്ള പാർടിഘടകത്തിൻെറ സംഘടനാരൂപത്തെയും

പ്രവർത്തനങ്ങളെയും വിവരിച്ച വകുപ്പുകളിൽ പറഞ്ഞതിനോട് തുല്യമാണ്. അവയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിൻെറയോ ജില്ലയുടെയോ പ്രശ്നങ്ങളിൽ മാത്രമായി ഒതുങ്ങിനിൽകുന്നു. അവയുടെ തീരുമാനങ്ങളാകട്ടെ, തൊട്ടടുത്ത മേൽകമ്മിററിയുടെ തീരുമാനങ്ങളുടെ പരിധിയിൽ ഒതുങ്ങിനിൽകുന്നതായിരിക്കും. ഈ പാർടികമ്മിററികളുടെ എണ്ണം വർധിപ്പിക്കേണ്ടതായി വന്നാൽ അടുത്ത മേൽകമ്മിററിയുടെ അംഗീകാരത്തോടെ അവർക് അങ്ങനെ ചെയ്യാവുന്നതാണ്.

ബി. സംസ്ഥാനകമ്മിററിയോ ജില്ലാകമ്മിററിയോ അതിൻെറ സെക്രട്ടറി ഉൾപെടെ ഒരു സെക്രട്ടേറിയററിനെ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ തൊട്ടടുത്ത മേൽകമ്മിററി അനുവദിക്കുന്നപക്ഷം സംസ്ഥാനകമ്മിററിക്കോ ജില്ലാകമ്മിററിക്കോ സെക്രട്ടേറിയററ് കൂടാതെ കഴിക്കുകയും ചെയ്യാം.

സി. കടുത്ത അച്ചടക്കലംഘനം, സ്വഭാവദൂഷ്യം, പാർടിവിരുദ്ധപ്രവർത്തനം മുതലായവ കാരണം ഏതെങ്കിലും അംഗത്തെ ഭൂരിപക്ഷ തീരുമാനപ്രകാരം നീക്കികളയാൻ സംസ്ഥാനകമ്മിററിക്കും ജില്ലാകമ്മിററിക്കും അധികാരമുണ്ട്.

3. എ. പ്രസ്ഥാനത്തിൻെറ ആവശ്യം കണക്കിലെടുത്ത് ഓരോ ജില്ലാകമ്മിററിയുടെയും അധികാരപരിധി സംസ്ഥാനകമ്മിററി നിശ്ചയിക്കുന്നതാണ്. അത് ഭരണനിർവഹണത്തിനുവേണ്ടിയുള്ള ജില്ലാവിഭജനവുമായി ഒത്തിരിക്കണമെന്നില്ല.

ബി. പ്രാഥമികഘടകത്തിനും (ബ്രാഞ്ച്) ജില്ല അഥവാ പ്രദേശ (റീജിയണൽ) ഘടകത്തിനും ഇടയിൽ ഉണ്ടായിരിക്കേണ്ട വിവിധ പാർടിഘടകങ്ങളെക്കുറിച്ച് സംസ്ഥാനകമ്മിററി തീരുമാനമെടുക്കുന്നതും അവയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വേണ്ട നിബന്ധനകൾ ഉണ്ടാക്കുന്നതുമാണ്. കേന്ദ്രകമ്മിററി ആവിഷ്കരിച്ച ചട്ടങ്ങൾ അനുസരിച്ചാണ് ഇത് ചെയ്യുക.

## വകുപ്പ് 17
## പ്രാഥമിക ഘടകം

1. എ. തൊഴിലിൻെറയോ വാസസ്ഥലത്തിൻെറയോ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെടുന്ന പാർടിബ്രാഞ്ച് ആണ് പാർടിയുടെ പ്രാഥമികഘടകം.

ബി. ഫാക്ടറിയിലോ സ്ഥാപനത്തിലോ വ്യവസായത്തിലോ പണിയെടുക്കുന്ന പാർടി അംഗങ്ങളെ അവരുടെ തൊഴിലിൻെറയോ ഉപജീവനമാർഗത്തിൻെറയോ അടിസ്ഥാനത്തിലാണ് സംഘടിപ്പിക്കേണ്ടത്. അങ്ങനെയുള്ള ബ്രാഞ്ചുകൾ സംഘടിപ്പിച്ചാൽ അതിലെ അംഗങ്ങൾ അവർ താമസിക്കുന്ന സ്ഥലത്തെ ബ്രാഞ്ചിലെ സഹാംഗങ്ങളായിരിക്കും (അസോസിയേററ് മെമ്പർ). അല്ലാത്തപക്ഷം അവരെ അവിടെ സഹായക ബ്രാഞ്ചായി (ആക്സിലിയറി ബ്രാഞ്ച്) പ്രത്യേകം സംഘടിപ്പിക്കാം. താമസസ്ഥലത്ത് ഈ അംഗങ്ങൾക് നൽകുന്ന പ്രവൃ

ത്തികൾ ഫാക്ടറിയിലോ സ്ഥാപനത്തിലോ തൊഴിലിലോഉള്ള അടിസ്ഥാനഘടകങ്ങൾ ഏൽപിക്കുന്ന പ്രവൃത്തികൾക്ക് തകരാറുണ്ടാക്കാൻ പാടില്ല.

സി. ഒരു ബ്രാഞ്ചിൽ പതിനഞ്ച് അംഗങ്ങളിൽ കൂടുതലുണ്ടാവരുത്. ബ്രാഞ്ചിൻെറ പ്രവർത്തനങ്ങളും ബന്ധപ്പെട്ട മററു കാര്യങ്ങളും സംസ്ഥാനകമ്മിററി നിശ്ചയിക്കുന്നതാണ്.

2. പാർടിയുടെ നേതൃത്വഘടകവും അതതു പ്രദേശത്തോ രംഗത്തോ ഉള്ള തൊഴിലാളികൾ, കൃഷിക്കാർ അഥവാ മററ് ജനവിഭാഗങ്ങൾ എന്നിവരുമായുള്ള സജീവബന്ധത്തിൻെറ കണ്ണിയാണ് പാർടി ബ്രാഞ്ച്.

അതിൻെറ ചുമതലകൾ താഴെ ചേർകുന്നു:

എ. മേൽകമ്മിററിയുടെ നിർദേശങ്ങൾ നടപ്പിലാക്കുക.

ബി. പാർടിയുടെ രാഷ്ട്രീയവും സംഘടനാപരവുമായ തീരുമാനങ്ങൾകനുകൂലമായിഫാക്ടറിയിലെയോ താമസസ്ഥലത്തെയോ ബഹുജനങ്ങളെ അണിനിരത്തുക.

സി. പുതിയ അംഗങ്ങളെചേർകുന്നതിനും അവരെ രാഷ്ട്രീയമായി പഠിപ്പിക്കുന്നതിനുമായി ഉശിരൻമാരെയും അനുഭാവികളെയും പ്രവർത്തനത്തിലേക്ക് ആകർഷിക്കുക.

ഡി. ദൈനംദിന സംഘടനാ പ്രവർത്തനങ്ങളിലും പ്രക്ഷോഭപരിപാടികളിലും ജില്ല -പ്രാദേശിക—ടൗൺ കമ്മിററികളെ സഹായിക്കുക.

3. ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ബ്രാഞ്ച് ഒരു സെക്രട്ടറിയെ തെരഞ്ഞെടുക്കണം. ഈ തെരഞ്ഞെടുപ്പിന് അടുത്ത മേൽകമ്മിററിയുടെ അംഗീകാരം ലഭിക്കണം.

## വകുപ്പ് 18

## കേന്ദ്ര-സംസ്ഥാന കൺട്രോൾ കമ്മീഷനുകൾ

1. അച്ചടക്കനടപടികളുടെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് കേന്ദ്രകമ്മിററി അതിലെ അംഗങ്ങളിൽ നിന്ന് ഒരു കൺട്രോൾ കമ്മിഷനെ തെരഞ്ഞെടുക്കുന്നതാണ്.

2. താഴെ പറയുന്ന കേസുകളാണ് കൺട്രോൾ കമ്മിഷൻ പരിഗണിക്കുക.

എ. കേന്ദ്രകമ്മിററിയോ പൊളിററ് ബ്യൂറോയോ പരിശോധനക്ക് അയക്കുന്ന കേസുകൾ.

ബി. സംസ്ഥാനകമ്മിററികൾ എടുക്കുന്ന അച്ചടക്കനടപടികളുടെ കേസുകൾ.

സി. പാർടിയിൽനിന്ന് പുറന്തള്ളൽ കൈക്കൊള്ളുന്നതും സംസ്ഥാനകമ്മിററിക്ക് അപ്പീൽ ബോധിപ്പിച്ചിട്ട് തള്ളിക്കളഞ്ഞതുമായ കേസുകൾ.

3. കൺട്രോൾകമ്മിഷൻെറ എല്ലാ തീരുമാനങ്ങളും കേന്ദ്രകമ്മിററി അംഗീകരിക്കേണ്ടതാണ്.

4. കൺട്രോൾകമ്മിഷൻെറ പ്രവർത്തനത്തിന് ആവശ്യമായ വിശദമായ ചട്ടങ്ങൾ കേന്ദ്രകമ്മിററി ആവിഷ്കരിക്കുന്നതാണ്.

5. സംസ്ഥാനകമ്മിററിക്ക് അതിലെ ഏതാനും അംഗങ്ങളെ ഉൾപെടുത്തി ഒരു കൺട്രോൾകമ്മിഷനെ തെരഞ്ഞെടുത്ത് അച്ചടക്കനടപടികേസുകൾ പരിഗണിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്താവുന്നതാണ്. അത്തരം സംസ്ഥാനകൺട്രോൾ കമ്മിഷനുകൾ ഏതെങ്കിലും സംസ്ഥാനത്തിൽ ഏർപെടുത്തിയാൽ അതിൻെറ പ്രവർത്തനങ്ങളും അധികാരവും കേന്ദ്രകൺട്രോൾ കമ്മിഷൻേറതുപോലെ തന്നെ ആയിരിക്കും. പക്ഷെ, സ്വന്തം സംസ്ഥാനത്തിനകത്തു മാത്രം.

## വകുപ്പ് 19
## പാർടി അച്ചടക്കം

1. പാർടിയുടെ ഐക്യം നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും കരുത്തും സമരശേഷിയും പ്രശസ്തിയും വർധിപ്പിക്കുന്നതിനും ജനാധിപത്യകേന്ദ്രീകരണതത്വം നടപ്പിൽവരുത്തുന്നതിനും അച്ചടക്കം അനുപേക്ഷണീയമാണ്. പാർടിഅച്ചടക്കം കർശനമായി പാലിക്കാതെ സമരത്തിലും പ്രവർത്തനത്തിലും ബഹുജനങ്ങളെ നയിക്കാനോ അവരോടുള്ള ഉത്തരവാദിത്വം നിർവഹിക്കാനോ പാർടിക്ക് കഴിയുകയില്ല.

2. പാർടിയുടെ ലക്ഷ്യങ്ങളും പരിപാടിയും നയങ്ങളും ബോധപൂർവം അംഗീകരിക്കുന്നതിലധിഷ്ഠിതമാണ് പാർടിഅച്ചടക്കം. പൊതുജീവിതത്തിലോ പാർടിസംഘടനയിലോ സ്ഥാനമെന്തുതന്നെയായാലും പാർടിഅംഗങ്ങളെല്ലാം ഒരുപോലെ പാർടിഅച്ചടക്കത്തിന് വിധേയരാണ്.

3. പാർടിഭരണഘടനയെയും തീരുമാനങ്ങളെയും ലംഘിക്കുകയോ പാർടിഅംഗങ്ങൾക്ക് യോജിക്കാത്തവിധം പ്രവർത്തിക്കുകയോ

പെരുമാറുകയോ ചെയ്യുന്നത് പാർടിഅച്ചടക്കത്തിൻെറ ലംഘനമായി കണക്കാക്കുന്നതും അച്ചടക്കനടപടിക്ക് വിധേയമാകുന്നതുമാണ്.

4. അച്ചടക്കനടപടികഠം താഴെ പറയുന്നവയാണ്:

എ. താക്കീതുചെയ്യുക

ബി. ശാസന (സെൻഷർ)

സി. പരസ്യശാസന

ഡി. പാർടിയിൽ വഹിക്കുന്ന സ്ഥാനത്തുനിന്ന് നീക്കം ചെയ്യൽ.

ഇ. ഒരു കൊല്ലത്തിൽ കവിയാത്ത ഏതെങ്കിലും കാലയളവിലേക്ക് പൂർണഅംഗത്വം സസ്പെൻഡ് ചെയ്യൽ.

എഫ്. പാർടിയിൽനിന്ന് പുറന്തള്ളൽ

5. പാർടിസഖാക്കളുടെ തെററുതിരുത്താൻ ഉപദേശപ്രേരണകഠം ഉഠംപെടെ മററുമാർഗങ്ങഠം പരാജയപ്പെടുമ്പോഴെ സാധാരണയായി അച്ചടക്കനടപടി എടുക്കാറുള്ളു. അച്ചടക്കനടപടി എടുത്തശേഷം സഖാക്കളെക്കൊണ്ട് അവരുടെ തെററുതിരുത്തിക്കാൻ സഹായകരമായ ശ്രമങ്ങഠം തുടരേണ്ടതാണ്. പാർടിതാൽപര്യങ്ങളും പാർടിയുടെ പ്രശസ്തിയും സംരക്ഷിക്കുന്നതിന് ഉടനടി അച്ചടക്കനടപടി കൈക്കൊളേളണ്ട രീതിയിലുള്ളതാണ് അച്ചടക്കലംഘനമെങ്കിൽ ഒട്ടുംതന്നെ വൈകാതെ അച്ചടക്കനടപടി എടുക്കേണ്ടതാണ്.

6. അച്ചടക്കനടപടികളിൽ വെച്ച് ഏററവും കടുത്തതാണ് പാർടിയിൽനിന്ന് പുറന്തള്ളൽ, അങ്ങേയററത്തെ അവധാനതയോടും പര്യാലോചനയോടും ന്യായാന്യായവിവേചനത്തോടും കൂടിയേ അത് പ്രയോഗിക്കാവൂ.

7. പാർടിയിൽനിന്ന് പുറന്തള്ളലുമായി ബന്ധപ്പെട്ടിട്ടില്ലാത്തൊരച്ചടക്കനടപടിയും തൊട്ടടുത്ത മേൽകമ്മിററിയുടെ സ്ഥിരീകരണം ലഭിക്കുന്നതുവരെ പ്രാബല്യത്തിൽ വരുത്താവുന്നതല്ല. തീരുമാനിക്കുന്നതുവരെ ശിക്ഷിതനായ അംഗത്തെ എല്ലാ പാർടിപ്രവർത്തനങ്ങളിൽനിന്നും ഒഴിച്ചുനിർത്താവുന്നതാണ്. മേൽകമ്മിററിയുടെ അംഗീകാരം ലഭിക്കുന്നതുവരെയുള്ള കാലയളവിൽ പുറത്താക്കപ്പെട്ട അംഗം പാർടി അംഗത്വത്തിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ടതായി കണക്കാക്കപ്പെടണം. ഉപരികമ്മിററി അതിൻെറ തീരുമാനം ആറുമാസത്തിനകം അറിയിച്ചിരിക്കണം.

8. ഒരു പാർടിഅംഗത്തിനെതിരായി അച്ചടക്കനടപടിയെടുക്കാനുദ്ദേശിക്കുമ്പോഠം അയാളുടെപേരിലുള്ള ആരോപണങ്ങളും കുററങ്ങളും ബന്ധപ്പെട്ട മററു വസ്തുതകളും അയാളെ പൂർണമായി അറി

യിക്കേണ്ടതാണ്. ശിക്ഷണനടപടിക്ക് നിർദേശിക്കപ്പെട്ട ഏതൊരാറാം കും തൻെറ ഘടകത്തിൽ നേരിട്ട് ഹാജരായി പറയാനുള്ളത് പറയാനും നടപടി എടുക്കുന്നത് മറേറതെങ്കിലും ഘടകമാണെങ്കിൽ തൻെറ വിശദീകരണം അതിനുമുമ്പിൽ സമർപ്പിക്കാനും അവകാശമുണ്ട്.

9, ഏതെങ്കിലും പാർടിഅംഗം ഒരേസമയം രണ്ട് ഘടകത്തിൽ അംഗമാണെങ്കിൽ അയാറാംകെതിരായി അച്ചടക്കനടപടി ശുപാർശചെയ്യാൻ കീഴ്ഘടകത്തിന് അവകാശമുണ്ടായിരിക്കുമെങ്കിലും മേൽഘടകത്തിൻെറ അംഗീകാരമില്ലാതെ അത് നടപ്പിൽ വരികയില്ല.

10. ഏതെങ്കിലും പാർടിഅംഗം പണിമുടക്കുപൊളിപ്പനോ മദ്യപാനിയോ സാൻമാർഗികമായി അധഃപതിച്ചവനോ പാർടിരഹസ്യം പുറത്തുവിടുന്നവനോ ഗുരുതരമായി സാമ്പത്തിക അഴിമതി നടത്തുന്നവനോ ആണെന്നുകണ്ടാൽ, കുററപത്രം നൽകി വിശദീകരണം വരുത്തുന്നതുവരെ അയാളുടെ ഘടകമോ മറേറതെങ്കിലും ഉപരിഘടകമോ അയാളെ ഉടനടി സസ്പെൻഡ് ചെയ്ത് ഉത്തരവാദപ്പെട്ട എല്ലാ സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

11. എല്ലാ അച്ചടക്കനടപടികറാംകും എതിരായി അപ്പീൽകൊടുക്കാൻ അംഗങ്ങറാംക് അവകാശമുണ്ട്.

12. പാർടിതീരുമാനങ്ങളെയും നയങ്ങളെയും ആവർത്തിച്ച് ധിക്കരിക്കുക, ഗുരുതരമായ കക്ഷിവഴക്കുകറാം ഉണ്ടാക്കുക, പാർടിഅച്ചടക്കം ലംഘിക്കുക എന്നീ കുററങ്ങറാം ചെയ്യുന്ന കീഴ്കമ്മിററികളെ പിരിച്ചുവിട്ട് ആ സ്ഥാനങ്ങളിൽ പുതിയ കമ്മിററികളെ നിയമിക്കാനും കീഴ്കമ്മിററികറാംകെതിരായി അച്ചടക്ക നടപടി എടുക്കാനും കേന്ദ്ര–സംസ്ഥാന–ജില്ലാ കമ്മിററികറാംക് അധികാരമുണ്ട്. എന്നാൽ സംസ്ഥാന–ജില്ലാ കമ്മിററികറാം അത്തരം നടപടി ഉടൻതന്നെ മേൽകമ്മിററിക്ക് യുക്തമെന്ന് തോന്നുന്ന നടപടിയെടുക്കാനായി റിപ്പോർടു ചെയ്യേണ്ടതാണ്.

13. ഗുരുതരമായ പാർടിവിരുദ്ധ പ്രവർത്തനത്തിന് പാർടി അംഗങ്ങളെ അടിയന്തരനടപടിക്രമമനുസരിച്ച് പുറംതള്ളാനുള്ള അധികാരം സ്വന്തം വിവേചനപ്രകാരം അസാധാരണസന്ദർഭങ്ങളിൽ പാർടികമ്മിററികറാംക് പ്രയോഗിക്കാവുന്നതാണ്.

## വകുപ്പ് 20
## തെരഞ്ഞെടുത്ത പൊതുസ്ഥാപനങ്ങളിലെ പാർടിഅംഗങ്ങൾ

1. പാർലമെൻറ്, സംസ്ഥാന നിയമസഭ, പ്രാദേശിക ഭരണസമിതി എന്നിവയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പാർടിഅംഗങ്ങൾ ഒരു പാർടിഗ്രൂപ്പായി സംഘടിച്ച് തക്കതായ പാർടികമ്മിററിയുടെ കീഴിൽ പാർടിയുടെ ലൈനും നയങ്ങളും നിർദേശങ്ങളും കൃത്യമായി അനുസരിച്ച് പ്രവർതിക്കണം.

2. കമ്യൂണിസ്ററ് നിയമസഭാസാമാജികർ അടിപതറാതെ ജനങ്ങളെ സേവിക്കണം. നിയമസഭയിലെ പ്രവർതനത്തിലൂടെ അവർ പ്രസ്ഥാനത്തെ പ്രതിഫലിപ്പിക്കുകയും പാർടിയുടെ നയങ്ങൾ ഉയർതിപ്പിടിക്കുകയും ജനങ്ങളുടെ ഇടയിൽ പാർടിനയങ്ങൾ പ്രചരിപ്പിക്കുകയും വേണം.

കമ്യൂണിസ്ററ് നിയമനിർമാതാക്കളുടെ നിയമനിർമാണപ്രവർതനത്തോട് പുറത്തുള്ള പാർടിപ്രവർതനവും ബഹുജനപ്രസ്ഥാനവും അടുപ്പിച്ച് കൂട്ടിയിണക്കണം. പാർടിയും ബഹുജനപ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കാൻ സഹായിക്കുക എന്നത് എല്ലാ കമ്യൂണിസ്ററ് പ്രതിനിധികളുടെയും കടമയാണ്.

3. കമ്യൂണിസ്ററ് ജനപ്രതിനിധികൾ സമ്മതിദായകരും ബഹുജനങ്ങളുമായി കഴിയുന്നത്ര അടുത്ത ബന്ധം നിലനിർതുകയും തങ്ങളുടെ നിയമസഭാ പ്രവർതനങ്ങളെപ്പററി അവരെ നിരന്തരം അറിയിച്ചുകൊണ്ടിരിക്കുകയും അവരുടെ ഉപദേശനിർദേശങ്ങൾ എപ്പോഴും തേടിക്കൊണ്ടിരിക്കുകയും വേണം.

4. കമ്യൂണിസ്ററ് നിയമസഭാസാമാജികർ ഉയർന്ന നിലവാരത്തിൽ വ്യക്തിപരമായ സത്യസന്ധത പുലർതുകയും അനാഡംബര ജീവിതം നയിക്കുകയും ജനങ്ങളുമായുള്ള എല്ലാ ഇടപാടുകളിലും ബന്ധങ്ങളിലും വിനയാന്വിതരായിരിക്കുകയും തന്നിലുപരിയായി പാർടിയെ കണക്കാക്കുകയും വേണം.

5. കമ്യൂണിസ്ററ് ജനപ്രതിനിധികൾക്കും പ്രാദേശിക ഭരണസമിതിയംഗങ്ങൾക്കും കിട്ടുന്നശമ്പളവും അലവൻസുകളും പാർടിയുടെ പണമായി കണക്കാക്കേണ്ടതാണ്. ഈ അംഗങ്ങളുടെ വേതനവും അലവൻസും ബന്ധപ്പെട്ട പാർടികമ്മിററികൾ നിശ്ചയിക്കുന്നതാണ്.

6 കോർപറേഷനുകൾ, മുനിസിപ്പാലിററികൾ, ടൗൺ അഥവാ പ്രാദേശികകമ്മിററികൾ, ജില്ലാപരിഷത്തുകൾ, ബ്ലോക് സമിതികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന

കമ്യൂണിസ്ററ് പാർടിഅംഗങ്ങൾ തക്കതായ പാർടികമ്മിററിയുടെയോ ബ്രാഞ്ചിൻെറയോ കീഴിൽ പ്രവർത്തിക്കണം.

അവർ താന്താങ്ങളുടെ സമ്മതിദായകരും ബഹുജനങ്ങളുമായി അടുത്ത ദൈനംദിനബന്ധം പുലർത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഈ സമിതികളിൽ ബഹുജനങ്ങളുടെ താൽപര്യസംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുകയും വേണം. ഈ പ്രതിനിധികൾ തങ്ങളുടെ പ്രവർത്തനത്തെപ്പററി സമ്മതിദായകർക്കും ജനങ്ങൾക്കും പതിവായി റിപ്പോർട്ട് ചെയ്യുകയും അവരുടെ ഉപദേശനിർദേശങ്ങൾ തേടുകയും വേണം. ഈ പ്രാദേശികസമിതിക്കകത്തുള്ള പ്രവർത്തനത്തെ പുറത്തുള്ള ഉശിരൻ ബഹുജനപ്രവർത്തനവുമായി കൂട്ടിയിണക്കണം.

7. പാർലമെൻററ്, സംസ്ഥാനനിയമസഭകൾ, സംസ്ഥാനകൗൺസിലുകൾ, കേന്ദ്രഭരണ—പ്രാദേശികസമിതികൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർഥികളുടെ നാമനിർദേശം കേന്ദ്രകമ്മിററിയുടെ അംഗീകാരത്തിന് വിധേയമാണ്.

കോർപറേഷനുകൾ, മുനിസിപ്പാലിററികൾ, ജില്ലാസമിതികൾ പ്രാദേശികസമിതികൾ, പഞ്ചായത്തുകൾ മുതലായവയിലേക്ക് പാർടിസ്ഥാനാർഥികളെ നാമനിർദേശം ചെയ്യുന്നത് സംബന്ധിച്ച ചട്ടങ്ങൾ സംസ്ഥാനകമ്മിററികൾ എഴുതിയുണ്ടാക്കുന്നതാണ്.

## വകുപ്പ് 21

## ഉൾപാർടി ചർചകൾ

1. പാർടിയിലാകെ വിവിധ ഘടകങ്ങളിലും സംഘടനകളിലും പാർടിനയത്തെപ്പററി സ്വതന്ത്രവും കാര്യമാത്രപ്രസക്തവുമായ ചർചകൾ നടത്തുന്നത് പാർടിയെ ഏകീകരിക്കുന്നതിന് പ്രയോജനപ്രദവും ആവശ്യവുമാണ്.

പാർടി അംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഉൾപാർടി ജനാധിപത്യത്തിൽനിന്നും ഉദ്ഭവിക്കുന്ന ഒഴിവാക്കാനാവാത്ത അവകാശമാണ്. എന്നാൽ പാർടിഐക്യത്തെയും കർമശക്തിയെയും മരവിപ്പിക്കുന്നവിധം പാർടിനയങ്ങളെപ്പററി അനന്തമായി ചർചനടത്തുന്നത് ഉൾപാർടിജനാധിപത്യത്തെ അങ്ങേയററം ദുരുപയോഗപ്പെടുത്തലാണ്

2. അഖിലേന്ത്യാതോതിൽ ഉൾപാർടിചർചകൾ താഴെപ്പറയുന്ന അവസരങ്ങളിൽ കേന്ദ്രകമ്മിററി സംഘടിപ്പിക്കുന്നതാണ്.

എ. അത് ആവശ്യമാണെന്ന് കേന്ദ്രകമ്മിററി പരിഗണിക്കുമ്പോൾ.

ബി. പ്രധാനപ്പെട്ട ഏതെങ്കിലും പാർടിനയപ്രശ്നത്തെ സംബന്ധിച്ച് കേന്ദ്രകമ്മിററിയിൽ വേണ്ടത്ര ഉറച്ച ഭൂരിപക്ഷം ഇല്ലാതാകുമ്പോൾ.

സി. ആകെ മൂന്നിൽ ഒരുഭാഗം അംഗങ്ങളുടെ പ്രാതിനിധ്യം ഉള്ള സംസ്ഥാനകമ്മിററികൾ അഖിലേന്ത്യാതോതിൽ ഉൾപാർടിചർച ആവശ്യപ്പെടുമ്പോൾ.

3. ഏതെങ്കിലും സംസ്ഥാനത്തെ മാത്രം ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പാർടിനയപ്രശ്നത്തെക്കുറിച്ച് അവിടത്തെ സംസ്ഥാന കമ്മിററിക്ക് സ്വയം മുൻകൈ എടുത്തോ സംസ്ഥാനത്തെ പാർടിഅംഗങ്ങളിൽ മൂന്നിൽ ഒരു ഭാഗത്തെ പ്രതിനിധീകരിക്കുന്ന ജില്ലാകമ്മിററികളുടെ ആവശ്യമനുസരിച്ചോ കേന്ദ്രകമ്മിററിയുടെ അംഗീകാരത്തോടുകൂടി ഉൾപാർടിചർച സംഘടിപ്പിക്കാവുന്നതാണ്.

4. ഉൾപാർടിചർച കേന്ദ്രകമ്മിററിയുടെ മാർഗനിർദേശത്തോടെ ആണ് നടത്തേണ്ടത്. ചർചക്കുള്ള വിഷയങ്ങൾക് കേന്ദ്രകമ്മിററി രൂപം കൊടുക്കുന്നതായിരിക്കും. ചർച നയിക്കുന്ന കേന്ദ്രകമ്മിററി ചർചയുടെ സമ്പ്രദായവും നിശ്ചയിക്കുന്നതാണ്.

സംസ്ഥാനകമ്മിററിയുടെ നേതൃത്വത്തിൽ ഉൾപാർടിചർച ആരംഭിക്കുമ്പോൾ അതിലെ പ്രശ്നങ്ങൾക് രൂപംകൊടുത്ത് തിട്ടപ്പെടുത്തുകയും ചർച നടത്തേണ്ട രീതി നിർണയിക്കുകയും ചെയ്യുന്നത് ആ കമ്മിററിതന്നെ ആയിരിക്കണം. അതിനെല്ലാം കേന്ദ്രകമ്മിററിയുടെ അംഗീകാരവും വേണം.

## വകുപ്പ് 22

## പാർടികോൺഗ്രസുകൾകും സമ്മേളനങ്ങൾകും മുന്നോടിയായ ചർച

1. പാർടികോൺഗ്രസിന് രണ്ടു മാസംമുമ്പ് എല്ലാ പാർടിഘടകങ്ങളുടെയും ചർചക്കുവേണ്ടി കരടുപ്രമേയങ്ങൾ കേന്ദ്രകമ്മിററി വിതരണം ചെയ്യുന്നതാണ്. സംസ്ഥാനകമ്മിററികൾ ഇവയെ എത്രയും വേഗം അതത് ഭാഷകളിലേക്ക് തർജമ ചെയ്ത് ആവശ്യമായ കോപ്പികൾ തയ്യാറാക്കി എല്ലാ ബ്രാഞ്ചുകൾകും ലഭ്യമാക്കേണ്ടതാണ്. പ്രമേയങ്ങൾകുള്ള ഭേദഗതികൾ കേന്ദ്രകമ്മിററിക്ക് നേരിട്ട് അയച്ചുകൊടുക്കണം. അവയെപ്പററിയുള്ള റിപ്പോർട് കേന്ദ്രകമ്മിററി പാർടികോൺഗ്രസിൻെറ മുമ്പാകെ സമർപിക്കുന്നതാണ്.

2. എല്ലാ നിലവാരത്തിലും അതത് കമ്മിററികൾ അവതരിപ്പിക്കുന്ന റിപ്പോർടുകളുടെയും പ്രമേയങ്ങളുടെയും അടിസ്ഥാനത്തിൽ സമ്മേളനങ്ങൾ ചേരുന്നതാണ്.

## വകുപ്പ് 23
## ബഹുജനസംഘടനകളിൽ പ്രവർത്തിക്കുന്ന പാർടിഅംഗങ്ങൾ

J978

ബഹുജനസംഘടനകളിലും അവയുടെ നിർവാഹകസമിതികളിലും പ്രവർത്തിക്കുന്ന പാർടിഅംഗങ്ങൾ, ഫ്രാക്ഷനുകൾ രൂപീകരിച്ച് തക്കതായ പാർടികമ്മിററികളുടെ നിർദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്. ബന്ധപ്പെട്ട ബഹുജനസംഘടനകളുടെ ഐക്യവും ബഹുജനാടിസ്ഥാനവും സമരശേഷിയും ശക്തിപ്പെടുത്തുവാൻ അവർ നിരന്തരം പ്രയത്നിക്കേണ്ടതാണ്.

## വകുപ്പ് 24
## ഉപനിയമാവലി

പാർടിഭരണഘടനക്ക് വിധേയവും അനുയോജ്യവുമായവിധം ചട്ടങ്ങളും ഉപനിയമാവലികളും നിർമിക്കാൻ കേന്ദ്രകമ്മിററിക്ക് അധികാരമുണ്ട്. പാർടിഭരണഘടനക്ക് വിധേയവും അനുയോജ്യവുമായ വിധത്തിൽ സംസ്ഥാനകമ്മിററികൾക്കും ചട്ടങ്ങളും ഉപനിയമാവലികളും ഉണ്ടാക്കാം, അതിന് കേന്ദ്രകമ്മിററിയുടെ സ്ഥിരീകരണം ലഭിക്കണം.

## വകുപ്പ് 25
## ഭേദഗതി

പാർടികോൺഗ്രസ് മാത്രമേ പാർടിഭരണഘടന ഭേദഗതിചെയ്യാൻ പാടുള്ളു. പാർടിഭരണഘടനക്ക് ഭേദഗതികൾ നിർദേശിച്ചുകൊണ്ടുള്ള നോട്ടീസ് പാർടികോൺഗ്രസിന് രണ്ടുമാസംമുമ്പേ കൊടുത്തിരിക്കണം.

# പാർടി ഭരണഘടന

J978

പാർടിയുടെ പന്ത്രണ്ടാം കോൺഗ്രസ്
അംഗീകരിച്ച ഭേദഗതിയോടുകൂടി

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി (മാർക്സിസ്റ്റ്)
കേരള സംസ്ഥാനകമ്മിററി പ്രസിദ്ധീകരണം

വില: 80 പൈസ